"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - സിക്കയിൽ (State Institute of Correctional Administration) അസിസ്റ്റന്റ് ഡ്രിൽ ഇൻസ്ട്രക്ടർ തസ്തികയിൽ ജോലി ചെയ്യുന്ന ഹവിൽദാർമാരുടെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1225/2025/HOME തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-

1. 27.09.2023 തീയതിയിലെ സ.ഉ.(സാധാ.)നം.2748/2023/Home.
2. സ്റ്റേറ്റ് പോലീസ് ചീഫിന്റെ 24.05.2024 തീയതിയിലെ ഇ1-107513/2023/PrHQ നമ്പർ കത്ത്.
3. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 30/05/2024, 13/08/2024, 16/10/2024 തീയതികളിലെ E6-23312/2021/PrHQ നമ്പർ കത്തുകൾ.

**ഉത്തരവ്**

പോലീസ് വകുപ്പിലെ (SAP) ഹവിൽദാർമാരായ ശ്രീ. രാജീവ് ആർ.വി. (HAV 11468), ശ്രീ. കൃഷ്ണചന്ദ്രൻ ബി.എസ്. (HAV 10827) എന്നിവർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം ജയിൽ വകുപ്പിന്റെ പരിശീലനകേന്ദ്രമായ 'സിക്ക'യിൽ അസിസ്റ്റന്റ് ഡ്രിൽ ഇൻസ്ട്രക്ടർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവനവ്യവസ്ഥയിൽ നിയമനം നൽകിയിരുന്നു. പ്രസ്തുത ജീവനക്കാരുടെ അന്യത്രസേവനകാലാവധി 19.04.2024 തീയതിയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ, ഇവരുടെ സേവനം അത്യാവശ്യമായതിനാൽ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ജയിൽ മേധാവി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. അന്യത്രസേവനം അടുത്ത ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് എതിർപ്പില്ലായെന്ന് സ്റ്റേറ്റ് പോലീസ് ചീഫ് പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിരാക്ഷേപപത്രത്തിന്റെയും പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ ശിപാർശയുടേയും അടിസ്ഥാനത്തിൽ ജയിൽ വകുപ്പിന്റെ പരിശീലന കേന്ദ്രമായ സിക്കയിൽ അസിസ്റ്റന്റ് ഡ്രിൽ ഇൻസ്ട്രക്ടർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ തുടരുന്ന പോലീസ് വകുപ്പിലെ ഹവിൽദാർമാരായ ശ്രീ.രാജീവ് ആർ.വി, ശ്രീ. കൃഷ്ണ ചന്ദ്രൻ ബി.എസ്. എന്നിവരുടെ അന്യത്രസേവനകാലാവധി കെ.എസ്.ആർ ഭാഗം I ചട്ടം 140(c)- ൽ ഇളവ് നൽകി 20.04.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA GOPINATH
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,തിരുവനന്തപുരം
സ്റ്റേറ്റ് പോലീസ് ചീഫ്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ് (18.02.2025 ലെ - 2955566/വ്യയം-ബി2/386/2024-ധന പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ് , ഐ&പി.ആർ വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jijimon R
സെക്ഷൻ ഓഫീസർ
Date: 11-04-2025 12:52:58

*